**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5270** **02-11-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാടിന്റെ ഉൾപ്രദേശങ്ങളിൽ പൊതുഗതാഗതത്തിന് സ്വകാര്യവാഹനങ്ങൾക്കും അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിന്റെ ഉൾപ്രദേശങ്ങളിൽ പൊതുഗതാഗതം ലഭ്യമാക്കാൻ സ്വകാര്യവാഹനങ്ങൾക്കും അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് സ്വകാര്യ വാഹനങ്ങൾ പൊതുഗതാഗതത്തിന് ഉപയോഗിക്കാൻ സാധിക്കുകയില്ല. |
| (ബി) | കുട്ടനാടിന്റെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ? | (ബി) | ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ പുനരുദ്ധാരണ പണികൾ നടക്കുന്നതിനാൽ ചങ്ങനാശ്ശേരിയിൽ നിന്നും പൊങ്ങ വരെ മാത്രമാണ് സർവ്വീസ് നടത്തുവാൻ കഴിയുന്നത്. ഇത് പരിഹരിക്കുന്നതിനായി ചങ്ങനാശ്ശേരി - ആലപ്പുഴ റോഡിൽ നിലവിൽ രാവിലെ 05.15 മുതൽ രാത്രി 20.30 വരെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് നിലവിൽ കെ.എസ്.ആർ.ടി.സി യുടെ എല്ലാ ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. കുട്ടനാടൻ മേഖലകളിലും യാത്രക്കാരുടെ ആവശ്യപ്രകാരം രണ്ടാം ഘട്ട കോവിഡ് വ്യാപനത്തിന് മുമ്പ് നടത്തിയിരുന്ന എല്ലാ പ്രധാന സർവ്വീസുകളും ട്രിപ്പുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കുട്ടനാട്ടിലെ ഉൾപ്രദേശങ്ങളായ ചമ്പക്കുളം, കാവാലം, പുളിങ്കുന്ന്, ചതുർത്ഥ്യാകരി, കായൽപ്പുറംപ്പള്ളി, വടക്കൻ വെളിയനാട്, കൈനടി-കാവാലം, കുന്നംക്കരി, പൊങ്ങ, ചമ്പക്കുളം എന്നിവിടങ്ങളിലേക്കായി നിലവിൽ 33 ഷെഡ്യൂള്ള കളിലായി 220 ട്രിപ്പുകൾ ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും 11 ഷെഡ്യൂളുകളിലായി 35 ട്രിപ്പുകൾ ആലപ്പുഴ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോവിഡാനന്തര സാഹചര്യത്തിൽ യാത്രക്കാർ ആവശ്യപ്പെടുന്നതനുസരിച്ചാണ് സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളത്. കുട്ടനാട്ടിൽ എ.സി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്നതോടെ യാത്രാ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ